## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1972** **14-10-2024 - ൽ മറുപടിയ്ക്ക്**

## ജീവനക്കാരുടെ ഇൻഡക്ഷൻ ട്രെയിനിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുതുതായി സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് അതത് വകുപ്പുകൾ ഇൻഡക്ഷൻ ട്രെയിനിംഗ് കൃത്യമായി നൽകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ചില വകുപ്പുകളിൽ പ്രസ്തുത ട്രെയിനിംഗ് കൃത്യമായി നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിവിധ വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അതാത് വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് സംസ്ഥാന പരിശീലന നയത്തിൽ (STP) പെടുത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) നൽകി വരുന്നുണ്ട്.കൂടാതെ, വകുപ്പുതലത്തിൽ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നല്കാൻ സ്ഥാപനങ്ങളും സംവിധാനങ്ങളും നിലവിലുണ്ട്.<br><br>ഇതു കൂടാതെ വിവിധ വകുപ്പുകളിൽ സമാനതസ്തികകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) നേരിട്ടു നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഇത്തരത്തിൽ കൂടുതൽ ഇൻഡക്ഷൻ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുമുണ്ട്. |
| (ബി) | ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണം, നിയമം, ധനകാര്യം എന്നീ വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റുമാർക്ക് എത്ര ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗാണ് നൽകുന്നത്; 2022, 2023, 2024 വർഷങ്ങളിൽ പ്രസ്തുത വകുപ്പുകളിലെ അസിസ്റ്റന്റുമാർക്ക് എത്ര ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്; വിവിധ വകുപ്പുകളിൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകാനുണ്ട് എന്നത് വകുപ്പ് തിരിച്ച് അറിയിക്കാമോ; | (ബി) | ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണം, നിയമം, ധനകാര്യം എന്നീ വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റുമാർക്ക് 12 മുതൽ 18 ദിവസം വരെ നീണ്ടു നിൽക്കുന്ന ഇൻഡക്ഷൻ പരിശീലനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) വഴി ലഭ്യമാക്കുന്നത്.<br><br>പൊതുഭരണ സെക്രട്ടറിയേറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിച്ച 30 ഉദ്യോഗസ്ഥർക്ക് 2022-ൽ 22 ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. 2023-2024 വർഷങ്ങളിൽ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമായിട്ടില്ല. പൊതുഭരണ വകുപ്പിൽ 2022 ജനുവരി 1 മുതൽ നാളിതുവരെ ജോലിയിൽ പ്രവേശിച്ച |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് തസ്തികയിലെ 220 ഉദ്യോഗസ്ഥർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമാക്കാനുണ്ട്. മറ്റുവകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) ട്രെയിനിംഗ് കലണ്ടർ പ്രകാരമാണ് ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമാക്കുന്നത്. ഈ സാമ്പത്തിക വർഷം കൂടുതൽ ഇൻഡക്ഷൻ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുമുണ്ട്. |
| (സി) | സർക്കാർ സർവീസിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ജീവനക്കാർക്ക് നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗ് നൽകണം എന്ന ശിപാർശ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മീഷനും പതിനൊന്നാം ശമ്പള കമ്മീഷനും സർക്കാരിന് നൽകിയിട്ടും അത് കൃത്യമായി നടപ്പിൽ വരുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണം, നിയമം, ധനകാര്യം എന്നീ വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റുമാർക്ക് 12 മുതൽ 18 ദിവസം വരെ നീണ്ടു നിൽക്കുന്ന ഇൻഡക്ഷൻ പരിശീലനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) വഴി ലഭ്യമാക്കുന്നത്.<br><br>പൊതുഭരണ സെക്രട്ടറിയേറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിച്ച 30 ഉദ്യോഗസ്ഥർക്ക് 2022-ൽ 22 ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. 2023-2024 വർഷങ്ങളിൽ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമായിട്ടില്ല. പൊതുഭരണ വകുപ്പിൽ 2022 ജനുവരി 1 മുതൽ നാളിതുവരെ ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റ് തസ്തികയിലെ 220 ഉദ്യോഗസ്ഥർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമാക്കാനുണ്ട്. മറ്റുവകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) ട്രെയിനിംഗ് കലണ്ടർ പ്രകാരമാണ് ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമാക്കുന്നത്. ഈ സാമ്പത്തിക വർഷം കൂടുതൽ ഇൻഡക്ഷൻ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുമുണ്ട്. |
| (ഡി) | ഇതുവരെയും ഇൻഡക്ഷൻ പരിശീലനം ലഭിച്ചിട്ടില്ലാത്ത മുഴുവൻ സെക്രട്ടേറിയറ്റ് ജീവനക്കാർക്കും അടിയന്തരമായി പരിശീലനം നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ പൊതുഭരണം, നിയമം, ധനകാര്യം എന്നീ വകുപ്പുകളിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റന്റുമാർക്ക് 12 മുതൽ 18 ദിവസം വരെ നീണ്ടു നിൽക്കുന്ന ഇൻഡക്ഷൻ പരിശീലനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) വഴി ലഭ്യമാക്കുന്നത്.<br><br>പൊതുഭരണ സെക്രട്ടറിയേറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിച്ച 30 ഉദ്യോഗസ്ഥർക്ക് 2022-ൽ 22 ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. 2023-2024 വർഷങ്ങളിൽ |

| | | | |
|---|---|---|---|
| | | | പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമായിട്ടില്ല. പൊതുഭരണ വകുപ്പിൽ 2022 ജനുവരി 1 മുതൽ നാളിതുവരെ ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റ് തസ്തികയിലെ 220 ഉദ്യോഗസ്ഥർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമാക്കാനുണ്ട്. മറ്റുവകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) ട്രെയിനിംഗ് കലണ്ടർ പ്രകാരമാണ് ഇൻഡക്ഷൻ ട്രെയിനിംഗ് ലഭ്യമാക്കുന്നത്. ഈ സാമ്പത്തിക വർഷം കൂടുതൽ ഇൻഡക്ഷൻ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ